കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വിദേശ-ആളെ ചേർക്കൽ ആക്റ്റ്, 1874

## (1874-ലെ 4-ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1981

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# വിദേശ-ആളെ ചേർക്കൽ ആക്ററ്, 1874

(1874-ലെ 4-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

# വിദേശ-ആളെ ചേർക്കൽ ആക്റ്റ്, 1874

(1874-ലെ 4-ാം നമ്പർ ആക്റ്റ്)

[1874 ഫെബ്രുവരി, 24]

## വിദേശരാജ്യങ്ങളുടെ സേവനത്തിന്, ഇൻഡ്യയിൽ ആളെ ചേർക്കുന്നത് നിയന്ത്രിക്കാനുള്ള ആക്റ്റ്

ആമുഖം.—വിദേശരാജ്യങ്ങളുടെ സേവനത്തിന് ഇൻഡ്യയിൽ ആളെ ചേർക്കുന്നതിന്റെ മേൽ കേന്ദ്രഗവൺമെന്റ് പൂർണ്ണനിയന്ത്രണം പ്രയോഗിക്കേണ്ടതു സമീചീനമായിരിക്കുകയാൽ: ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന്, വിദേശ-ആളെ ചേർക്കൽ ആക്റ്റ്, 1874 എന്നു പേർ പറയാവുന്നതാണ്.

തദ്ദേശവ്യാപ്തി.—ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

പ്രാരംഭം.—[റദ്ദാക്കൽ ആക്റ്റ് (1876-ലെ 12) നാൽ റദ്ദാക്കപ്പെട്ടു.

2. 'വിദേശരാജ്യം' നിർവ്വചനം ഈ ആക്റ്റിൽ—

'വിദേശരാജ്യം' എന്നതിൽ, ഇൻഡ്യയുടെ അതിർത്തിക്കപ്പുറമുള്ള ഏതെങ്കിലും രാജ്യത്തിലോ, കോളനിയിലോ, പ്രവിശ്യയിലോ, അല്ലെങ്കിൽ അതിന്റെമേലോ, അല്ലെങ്കിൽ ഏതെങ്കിലും ജനങ്ങളുടെമേലോ ഭരണാധികാരങ്ങൾ പ്രയോഗിക്കുകയോ, പ്രയോഗിക്കുന്നതിനായി ഏറ്റെടുക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളോ, ആളുകളോ ഉൾപ്പെടുന്നതാകുന്നു.

3. ആളെചേർക്കൽ നിരോധിക്കുകയോ, അനുവദിക്കുകയോ ചെയ്യാനുള്ള അധികാരം.—ഏതെങ്കിലും ആൾ ഇൻഡ്യയുടെ അതിർത്തിക്കുള്ളിൽ, ഏതെങ്കിലും വിദേശരാജ്യത്തിന്റെ ഏതെങ്കിലും നിലയിലുള്ള സേവനത്തിന് ചേർക്കപ്പെടുന്നവരെ സമ്പാദിക്കുകയോ സമ്പാദിക്കാൻ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ, കേന്ദ്രഗവൺമെന്റിന് ലിഖിതമായ ഉത്തരവുവഴി, അപ്രകാരം ചെയ്യുന്നതിൽനിന്ന് അങ്ങനെയുള്ള ആളെ നിരോധിക്കുകയോ, അല്ലെങ്കിൽ ചുമത്തുന്നതു യുക്തമെന്നു കേന്ദ്രഗവൺമെന്റിന് തോന്നുന്ന ഏതെങ്കിലും ഉപാധികൾക്ക് വിധേയമായി, അപ്രകാരം ചെയ്യാൻ അയാളെ അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

4. ഉപാധികൾ ചുമത്താനുള്ള അധികാരം.—കേന്ദ്രഗവൺമെന്റിന്, അപ്പോഴപ്പോൾ, ഔദ്യോഗികഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന സാമാന്യമായ ഉത്തരവുവഴി, ഏതെങ്കിലും വിദേശരാജ്യത്തിന്റെ സേവനത്തിന് ആളെ ചേർക്കുന്നതു നിരോധിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളെ ചേർക്കുന്നതിൻമേൽ അതിന് യുക്തമെന്നുതോന്നുന്ന ഏതെങ്കിലും ഉപാധികൾ ചുമത്തുകയോ ചെയ്യാവുന്നതാണ്.

3/1442/V.

5. ഉത്തരവുകരം റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ഉത്തരവ്, യുക്തമെന്നു തോന്നുന്ന രീതിയിൽ റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

6. കുററങ്ങരം.—കേന്ദ്രഗവൺമെൻറിൻെറ നിരോധനത്തേയോ, അല്ലെങ്കിൽ ഏത് ഉപാധിയ്ക്ക് വിധേയമായാണോ, ആളെ ചേർക്കാൻ അനുവാദം നല്കിയിരിക്കാവുന്നതു, ആ ഉപാധിയേയോ ഉല്ലംഘിച്ചുകൊണ്ട്,—

(ക) ഏതെങ്കിലും ആളെ, ഏതെങ്കിലും വിദേശരാജ്യത്തിൻെറ സേവനത്തിനുള്ള ഏതെങ്കിലും കമ്മീഷനോ, നിയോജനമോ സ്വീകരിക്കുകയോ, സ്വീകരിക്കാൻ സമ്മതിക്കുകയോ, അതു ലഭിക്കാനുള്ള ലക്ഷ്യത്തോടെ ഏതെങ്കിലും സ്ഥലത്തേക്ക് പോകാനോ പ്രചോദിപ്പിച്ച് അതിനിടയാക്കുകയോ അതിന് ശ്രമിക്കുകയോ; അല്ലെങ്കിൽ

(ഖ) അപ്രകാരം പ്രചോദിപ്പിക്കപ്പെട്ട ഏതെങ്കിലും ആളെ ഏർപ്പെടുത്തുന്നതിൽ, അയാളെ അയയ്ക്കുകയോ, കൊണ്ടുപോവുകയോ ചെയ്യുന്നതുവഴിയോ, അല്ലെങ്കിൽ, മുൻകൂറായി പണം കൊടുക്കുന്നതുവഴിയോ മറേറതെങ്കിലും വഴിയോ, അതെന്തുതന്നെയായാലും അറിഞ്ഞുകൊണ്ട് സഹായിക്കുകയോ, ചെയ്യുന്ന ഏതൊരാളും, ഏഴുവർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, കോടതിക്ക് യുക്തമെന്നു തോന്നുന്ന തുകക്കുള്ള പിഴശിക്ഷയോ, രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

7. വിചാരണസ്ഥലം.—ഈ ആക്ററിനെതിരായുള്ള ഏതെങ്കിലും കുററം ഏതു ജില്ലയ്ക്കുള്ളിലാണോ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകരംക്കു കീഴിൽ അതു അന്വേഷണവിചാരണചെയ്യുകയും വിചാരണചെയ്യുകയും ചെയ്യാവുന്നത് ആ ജില്ലയിൽവെച്ചെന്നപോലെ കുററാരോപണം ചെയ്യപ്പെട്ട ആളെ കണ്ടെത്തുന്ന ഏതെങ്കിലും ജില്ലയിൽ വച്ചും അന്വേഷണവിചാരണചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യാവുന്നതാണ്.